# ഓൾഡർ പെൻഷനേഴ്സ് COVID-19 സപ്പോർട്ട് ലൈൻ

26 June 2020

ഓൾഡർ പെൻഷനേഴ്സ് COVID-19 സപ്പോർട്ട് ലൈൻ പ്രായമായ ഓസ്‌ട്രേലിയക്കാർക്ക് വിവരങ്ങൾ നൽകുകയും, പിന്തുണ നൽകുകയും, അവരെ പരസ്പരം ബന്ധപ്പെടാൻ സഹായിക്കുകയും ചെയ്യുന്നു.

ചില പ്രായമായ ആളുകൾ COVID-19-ന്റെ ഇരയാകാൻ അധിക സാധ്യതയുള്ളവരാണ്, പക്ഷേ ഇന്റർനെറ്റുമായി കണക്റ്റ് ചെയ്യാത്തവരും അവരുടെ സാഹചര്യങ്ങൾക്കായി വിവരങ്ങൾ ആക്സസ് ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ആവശ്യമായവരുമാണ്. ഓൾഡർ പേഴ്സൺസ് COVID-19 സപ്പോർട്ട് ലൈൻ വിവരങ്ങളും സഹായങ്ങളും നൽകുന്നു.

പ്രായമായ ഓസ്‌ട്രേലിയക്കാർക്കും, അവരുടെ കുടുംബങ്ങൾക്കും, കെയറർമാർക്കും ഇനിപ്പറയുന്ന കാര്യങ്ങൾ ആവശ്യമുണ്ടെങ്കിൽ 1800 171 866 എന്ന നമ്പരിൽ സൗജന്യമായി വിളിക്കാവുന്നതാണ്:

- COVID-19-ന്റെ നിയന്ത്രണങ്ങളെ കുറിച്ചും അത് അവരെ എങ്ങനെ ബാധിക്കുന്നു എന്നതിന്റെ കുറിച്ചും ആരെങ്കിലുമായി സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ
- ഏകാന്തത അനുഭവപ്പെടുകയോ പ്രിയപ്പെട്ട ഒരാളെക്കുറിച്ച് ആശങ്കയുണ്ടെങ്കിലോ
- ആർക്കെങ്കിലും സഹയാം നൽകാനോ, എന്തെങ്കിലും വിവരങ്ങൾ ആവശ്യമുണ്ടെലോ, ആരോടെങ്കിലും സംസാരിക്കേണ്ടത് ഉണ്ടെങ്കിലോ
- ലഭിക്കുന്ന ഏജ്ഡ് കെയർ സേവനങ്ങൾ മാറ്റുന്നതിനെക്കുറിച്ച് സഹായമോ ഉപദേശമോ ആവശ്യമുണ്ടെങ്കിൽ
- പുതിയ കെയർ സേവനങ്ങളോ ഷോപ്പിംഗ് പോലെ അവശ്യ സാധനങ്ങളോ നേടുന്നതിന് സഹായം ആവശ്യമാണെങ്കിൽ
- ഡിമെൻഷ്യയുള്ള (മറവി രോഗം) ഒരു സുഹൃത്തിനെയോ കുടുംബാംഗത്തെയോ കുറിച്ച് നിങ്ങൾക്ക് ആശയങ്കയുണ്ടെങ്കിൽ

BE COVIDSAFE

- തങ്ങൾക്കോ മറ്റാർക്കെങ്കിലുമോ ഒറ്റത്തവണയോ അല്ലെങ്കിൽ പതിവായോ ക്ഷേമ പരിശോധന നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ.

പ്രായമായ ഓസ്ട്രേലിയക്കാർക്കോ, അവരുടെ കുടുംബാംഗങ്ങൾക്കോ, കെയററർമാർക്കോ, സുഹൃത്തുക്കൾക്കോ, പിന്തുണ നൽകുന്നവർക്കോ

- തങ്ങൾക്ക് ആവശ്യമുള്ള ഏത് വിവരത്തിനോ സേവനത്തിനോ
- 8.30am – 6pm AEST സമയക്രമത്തിൽ പ്രവർത്തി ദിവസങ്ങളിൽ
- **1800 171 866** എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

ഓൾഡർ പേഴ്സൺസ് COVID-19 സപ്പോർട്ട് ലൈൻ ഇവരുടെ സംയുക്ത സംരംഭമാണ്:

- COTA ഓസ്ട്രേലിയ,
- ഡിമെൻഷ്യ ഓസ്ട്രേലിയ,
- നാഷണൽ സീനിയേഴ്സ്,
- OPAN,
- ഇവ ഓസ്ട്രേലിയൻ സർക്കാറിന്റെ  സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്.

## ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രെറ്റിംഗ് സർവീസ് സപ്പോർട്ട്

സംസാരിക്കാനാവാത്ത പ്രായമായ ഓസ്ട്രേലിയക്കാർക്ക് ഇവ ചെയ്യാം:

- 131 450 എന്ന നമ്പരിൽ TIS National-ൽ (ടിഐഎസ് നാഷണൽ) വിളിച്ച്
- ഒരു പരിഭാഷകന്റെ സഹായം തേടാവുന്നതും
- ഓൾഡർ പെൻഷനേഴ്സ് COVID-19 സപ്പോർട്ട് ലൈനിൽ കണക്റ്റ് ചെയ്യാൻ ആവശ്യപ്പെടുകയോ 1800 171 866 എന്ന ഫോൺ നമ്പർ പറഞ്ഞ് അതിലേക്ക് കണക്റ്റ് ചെയ്യാൻ അവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.